**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4737** **13-03-2023 - ൽ മറുപടിയ്ക്ക്**

**ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഏറനാട് മണ്ഡലത്തിൽ ചാലിയാർ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തിൽ ചാലിയാറിന്റെ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ തലത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് ജലസേചനവും ഭരണവും **ചീഫ് എഞ്ചിനീയറുടെ** കാര്യാലയത്തിൽ നിന്നും ഭരണാനുമതി നല്കിയിട്ടില്ല. |
| (സി) | ഭരണാനുമതി ലഭിക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ ഓഫീസിൽ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും ഫയൽ നമ്പർ സഹിതം വിശദമാക്കുമോ? | (സി) | ഭരണാനുമതി നല്കുന്നതിനായി ജലസേചനവും ഭരണവും **ചീഫ് എഞ്ചിനീയറുടെ** കാര്യാലയത്തിനു കീഴിൽ നിലവിലുള്ള പ്രൊപ്പോസലുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

| | |
|---|---|
| 2021 - 2022 | എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |
| 2022 - 2023 | എഫ്.സി - അരീക്കോട് പഞ്ചായത്തിലെ പുത്തലം വാർഡ് നം. 8-ൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം എന്ന 98 ലക്ഷം രൂപയ്ക്കുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ( പ്രൈസ് ഐ.ഡി. ഐ.ആർ.ആർ/ഐ.എ/ഇ.എസ്.റ്റി/247/2022_5_1_1) |
| | അരീക്കോട് പഞ്ചായത്തിൽ അരീക്കോട് പാലത്തിന് താഴ്ഭാഗത്ത് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി എന്ന 989 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ( പ്രൈസ് ഐ.ഡി. ഐ.ആർ.ആർ/ഐ.എ/ഇ.എസ്.റ്റി/93600/2022_5_1_1) |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

| NAME OF WORK | PRICE ID | AMOUNT |
|---|---|---|
| General - Puthalam Areacode - Protecting the left bank of Chaliyar river at Puthalam8th ward in Areacode Grama panchayath - General Civil work | IRR/IA/EST/247/2022_5_1_1 | 98 LAKHS |

സെക്ഷൻ ഓഫീസർ